# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

പത്രക്കുറിപ്പ്

തീയതി: 26.12.2019

**കരിമ്പുഴ വന്യജീവി സങ്കേതം യാഥാർത്ഥ്യമായി;**
**ചോലനായ്ക്ക കോളനി ഒഴിവാക്കി**

സംസ്ഥാനത്ത് പുതിയ ഒരു വന്യജീവി സങ്കേതം കൂടി. മലപ്പുറം ജില്ലയിലെ ന്യൂ അമരമ്പലം സംരക്ഷിതവനവും വടക്കേകോട്ട മലവാരം നിക്ഷിപ്തവനവും അടങ്ങുന്ന നീലഗിരി ബയോസ്ഫിയറിലെ 227.97 ച കി മീ ഭൂഭാഗമാണ് കരിമ്പുഴ വന്യസങ്കേതമാക്കി സർക്കാർ വിജ്ഞാപനം ഇറക്കിയത്. എന്നാൽ ഏഷ്യയിലെ അതി പുരാതന ഗോത്രവർഗമായ ചോലനായ്ക്കർ താമസിക്കുന്ന മാഞ്ചീരി കോളനി വന്യജീവി സങ്കേതത്തിൽ നിന്നും ഒഴിവാക്കി. ന്യൂ അമരമ്പലം സംരക്ഷിതവനത്തിന്റെ ഉൾഭാഗത്തുള്ള 2.50 ഹെക്ടർ ഭൂമിയാണ് വന്യജീവി സങ്കേതത്തിൽ നിന്നും ഒഴിവാക്കിയത്. ഇവിടെ പട്ടികവർഗ ഗോത്രവർഗങ്ങൾക്കും പരമ്പരാഗത വനവാസികൾക്കുമുള്ള കേന്ദ്ര സംസ്ഥാന നിയമങ്ങൾ അനുസരിച്ചുള്ള അവകാശങ്ങൾ വിനിയോഗിക്കുന്നതിന് ചോലനായ്ക്കർക്ക് അധികാരമുണ്ടായിരിക്കുമെന്നും സർക്കാർ വിജ്ഞാപനത്തിൽ പറയുന്നു.

കരിമ്പുഴ വന്യജീവി സങ്കേതം യാഥാർത്ഥ്യമായതോടെ കേരളത്തിൽ 18 വന്യജീവി സങ്കേതങ്ങളായി.നിലമ്പൂർ താലൂക്കിലെ കരുളായി, മൂത്തേടം, അമരമ്പലം താലൂക്കുകളിലായി വരുന്ന ഈ വനപ്രദേശം പശ്ചിമഘട്ടത്തിൽ പ്രത്യേകമായി കാണുന്ന 226 ഇനം പക്ഷികൾക്കും 23 ഇനം ഉഭയ ജീവികൾക്കും 33 ഇനം ഉരഗങ്ങൾക്കും 41 ഇനം സസ്തനികൾക്കും വിവിധ തരത്തിലുള്ള ചിത്രശലഭങ്ങൾക്കും ചെറു ജീവികൾക്കുമുള്ള ആവാസകേന്ദ്രമാണ്. മടക്ക് പർവ്വതങ്ങളും അഗാധ താഴ്വരകളും പരുക്കൻ ഭൂപ്രദേശവും തെന്നിന്ത്യയിലെ പ്രധാന സസ്യജാലങ്ങളുടെ മേളനത്തിന് പര്യാപ്തമാക്കുന്ന ഒന്നാണ്.

താഴ് വരയിൽ നിന്ന് ഉയരത്തിലേക്ക് 40 മീറ്ററിൽ നിന്ന് 2554 മീറ്ററിലേക്കുള്ള ഈ പ്രദേശത്തിന്റെ കുത്തനെയുള്ള ചെരിവ് പക്ഷിമൃഗാദികൾക്ക് വാസസ്ഥലമാക്കാൻ പര്യാപ്തമായ പ്രത്യേകതയാണ്.

ഈ പ്രദേശത്തിന്റെ ഭൗമോപരിതലത്തിന്റെ പ്രത്യേകതയും അപൂർവ്വസസ്യജന്തുജാലങ്ങളുടെ സാന്നിധ്യവും സംബന്ധിച്ച് നടന്ന ഒട്ടേറെ പഠനങ്ങൾ ഈ പ്രദേശത്തിന്റെ ജൈവവൈവിധ്യം വെളിപ്പെടുത്തുന്നവയും അതിന്റെ ദീർഘകാല സംരക്ഷണം ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുന്നവയുമായിരുന്നു. മാഞ്ചീരി കോളനിക്കു പുറമേ ന്യൂ അമരമ്പലം ഫോറസ്റ്റിലെ തേക്ക് തോട്ടങ്ങളെയും വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ